## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 12** — **07-10-2024 - ൽ മറുപടിയ്ക്ക്**

### ശമ്പള പരിഷ്കരണ-ക്ഷാമബത്ത കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും കൊടുത്തു തീർക്കാനുള്ള 2019 ലെ ശമ്പള പരിഷ്കരണ കുടിശ്ശിക എന്ന് നൽകും; സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകുവാനുള്ള ക്ഷാമബത്ത കുടിശ്ശിക എന്ന് കൊടുത്ത് തീർക്കും; വിശദമാക്കാമോ ; | (എ) | സംസ്ഥാന സർക്കാരിന് അർഹതപ്പെട്ട സാമ്പത്തിക വിഹിതം നിഷേധിച്ചും വായ്പാ പരിധിയിൽ കുറവ് വരുത്തിയും കേന്ദ്രസർക്കാർ സ്വീകരിക്കുന്ന നടപടികളുടെ ഭാഗമായി സംസ്ഥാനം സാമ്പത്തിക പ്രയാസം നേരിടുന്നുണ്ട് ഇത് കാരണമാണ് ശമ്പളപരിഷ്കരണ/ക്ഷാമബത്ത കുടിശ്ശികകൾ അനുവദിക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളത്. ചെലവുകൾ ക്രമീകരിച്ചും തനത് വരുമാനം വർദ്ധിപ്പിച്ചും സാമ്പത്തിക ഞെരുക്കത്തെ നേരിടുന്നതിന് സംസ്ഥാന സർക്കാർ ശക്തമായ നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകുവാനുള്ള ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധനയിലാണ്. |
| (ബി) | ചട്ടം 300 പ്രകാരം 2024 ജൂലൈ 10 ലെ മുഖ്യമന്ത്രിയുടെ പ്രസ്താവന അനുസരിച്ചുള്ള ശമ്പള പരിഷ്കരണ, ക്ഷാമബത്ത കുടിശ്ശിക സംബന്ധിച്ച പ്രത്യേക ഉത്തരവ് എന്നത്തേക്ക് പുറപ്പെടുവിക്കും; 2024 ജൂലൈ 1 മുതൽ നൽകേണ്ടിയിരുന്ന ശമ്പള പരിഷ്കരണത്തിനായി കമ്മീഷനെ നിയമിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ അനുഭാവപൂർണമായ നിലപാട് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ